**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **04.07.2019-ൽ മറുപടിയ്ക്ക്**
**ചോദ്യം നം.6148**

## പരമ്പരാഗത വള്ളങ്ങൾക്ക് രജിസ്ട്രേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | നിലവിൽ ഉപയോഗിച്ചുവരുന്ന ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാത്ത പരമ്പരാഗത വള്ളങ്ങൾക്ക് രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | പരമ്പരാഗത വള്ളങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. രേഖകളോടൊപ്പം നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്ന അപേക്ഷകൾ പ്രകാരമുള്ള യാനവും എഞ്ചിനും ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം രജിസ്ട്രേഷനും ലൈസൻസും അനുവദിക്കുന്നുണ്ട്. രജിസ്ട്രേഷൻ അപേക്ഷയോടൊപ്പം യാനം, എഞ്ചിൻ എന്നിവ വാങ്ങിയ ടാക്സ് ബില്ലുകൾ, ആധാർ/ തിരിച്ചറിയൽ കാർഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാക്കേണ്ടതാണ്. യാനങ്ങൾ കടൽ സഞ്ചാരയോഗ്യമായിരിക്കേണ്ടതും യാനത്തിൽ മതിയായ ജീവൻ രക്ഷാ വാർത്താവിനിമയ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്. യാനവും എഞ്ചിനും ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത് തന്നെയായിരിക്കണം. നോൺ-മോട്ടോറൈസ്ഡ് പരമ്പരാഗത യാനങ്ങൾക്ക് ലൈസൻസ് ആവശ്യമില്ല. |
| (ബി) | പരമ്പരാഗത വള്ളങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് വള്ളങ്ങളുടെ നീളം അളന്ന് തിട്ടപ്പെടുത്തുമ്പോൾ മുൻഭാഗത്തെ കൊമ്പും പിൻ ഭാഗത്തെ കൂടും ഒഴിവാക്കി നീളം കണക്കാക്കാൻ നിർദ്ദേശിക്കുമോ; നീളം അളന്ന് തിട്ടപ്പെടുത്തുമ്പോഴുള്ള ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വള്ളങ്ങൾ അളക്കുമ്പോൾ (OAL) ഓവറോൾ ലെംഗ്ത് (മൊത്തം നീളം) ആണ് എടുക്കുന്നത്. ഇതിൽ വള്ളത്തിന്റെ മുൻഭാഗത്തെ കൊമ്പും പിൻഭാഗത്തെ കൂടും ഉൾപ്പെടും. ഭാരത സർക്കാരിന്റെ മെർച്ചന്റ് ഷിപ്പിങ്ങ് ആക്ട് 1956-ൽ മത്സ്യബന്ധനയാനങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാനദണ്ഡമനുസരിച്ചാണ് OAL എടുക്കുന്നത്. മേൽപ്പറഞ്ഞ നിയമമനുസരിച്ചുള്ള രജിസ്ട്രേഷൻ ആണ് ഫിഷറീസ് വകുപ്പ് നടത്തുന്നത്. |
| (സി) | രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് മത്സ്യത്തൊഴിലാളികളുടെ പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ | (സി) | രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് യാന ഉടമയുടെ ഭാഗത്തു നിന്നുണ്ടാകുന്ന സംശയങ്ങൾക്ക് മറുപടി നൽകുകയും വ്യക്തമായി മനസ്സിലാക്കി കൊടുക്കുകയും |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; ആയതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | ആവശ്യമെങ്കിൽ യാനം വീണ്ടും അളക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ എന്നിവർക്ക് സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ